ഒരേ ദിവസത്തെ നാലരയുടെ അലാറം

1. **നാലു മണി മുപ്പത്തിയഞ്ച് മിനിട്ട്**

ദാഹജലത്തിനായുള്ള അലറലാണ് അപ്പോൾ കേട്ടത് !...

നീരു വറ്റിയടഞ്ഞ ഒറ്റക്കണ്ണ് പ്രിഞ്ചി നോക്കിയപ്പോൾ അയാളുടെ കാല് മാത്രം കാണാം. മുൻപേ കണ്ട പയറു തണ്ടു പോലത്തെ ഒറ്റക്കാലല്ല.. നല്ല കാതലുള്ള ആഞ്ഞിലിക്കുറ്റി ചെത്തി; ചിന്തേരിനു പിടിച്ച് മിനുക്കിയപോലയുള്ള വലിയ ഒറ്റക്കാലിന്റെ അറ്റം... അതിന് പൊക്കം വെക്കുന്നു... തടി വെയ്ക്കുന്നു.ഒരാൾ വലുപ്പം.. രണ്ടാൾ വലിപ്പം....

അത് കിണറ്റിലേക്ക് ആഴ്ന്നിറങ്ങുന്നു.. ആഴത്തിൽ നിന്നും ഉറവകൾ പൊട്ടിയൊഴുകുന്നു... ജലം... ജീവജലം അത് കുത്തിത്തെറിക്കുന്നു; പിന്നെ ഊറി വീഴുന്നു... വളർന്ന് മാനംമുട്ടിയതെല്ലാം വീണ്ടും ചെറുതായി ഉള്ളിലേയ്ക്ക് വലിഞ്ഞ് കരയുന്നു. പെട്ടന്നയാൾ ശ്വാസം പിടിച്ചു കൊണ്ട് തന്നെ കാലുകളിൽ കൂട്ടിവലിച്ച് നിലത്തടിക്കാൻ തൂക്കിയിട്ടിരിക്കന്നു. എല്ലാം തല കുത്തനെ കറങ്ങി ചിന്തകളുടെ ബലിക്കല്ലിൽ ആഞ്ഞടിക്കുന്നു.രക്തവും തലച്ചോറും ചിതറിത്തെറിച്ചവയുടെ കൂട്ടത്തിൽക്കിടന്ന് മാറ്റുരക്കുന്നു...

നാലരയുടെ അഞ്ചു മിനിട്ട് സനൂസ് ചെയ്ത അലാറം മായയുടെ രണ്ടു കാലിലും കൂട്ടിപ്പിടിച്ച് തൂക്കിയെടുത്ത് കിടക്കയിലടിച്ചു കൊണ്ടിരുന്നു..

കിടക്കയിൽ നിന്നും ചാടിപ്പിടത്ത് ഉരുണ്ടിറങ്ങി, ബാത്ത് റൂമിൽക്കയറി ടാപ്പ് തുറന്ന് ശ്വാസം മുറുക്കെത്തള്ളി തന്നിലേക്ക് തന്നെ ചുരുണ്ടുകൂടിയിരുന്നു കൊണ്ട് മായ ആ സ്വപ്നത്തിന്റെ തുടക്കം ഓർക്കാൻ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ അവളുടെ കണ്ണുകളിലെ കുറച്ചുറക്കം ഊർന്ന് ബക്കറ്റിലേക്ക് ഇറ്റിത്തെറിച്ചു. രാത്രി കാല സുഖവിരേചനത്തിന് അയാൾ വലിച്ചു തള്ളിയ സിഗരറ്റ് പുകയുടെ രൂക്ഷഗന്ധം രക്ഷപെടാനാവാതെ ഒളിച്ചും മറഞ്ഞും നോക്കി നിന്നുകൊണ്ട് മെല്ലെ അവളിലേക്കടുത്തു. ബാത്ത്റൂമിലെ തന്നെ വാഷ്ബേസിനിൽ ബാക്കി നിന്ന ഉറക്കം കഴുകിത്തെളിച്ചവൾ അടുക്കളയിലേക്ക് നടന്നു കയറി അരി കഴുകി കുക്കറിലിട്ട് അടുക്കളയുടെ ഒരു മൂലക്ക് ചുരുണ്ടുകൂടിയിരുന്നു കൊണ്ട് ആലോചനയുടെ കടുകുപാത്രം തട്ടിമറിച്ചു.

'തന്റെ സ്വപ്നങ്ങളുടെ തുടക്കം ആ കൊമോഡിൽ പൊന്തിക്കിടന്നിരുന്ന സിഗരറ്റുകുറ്റികളുടെ കൂടെ മുങ്ങിക്കിടന്ന വെളുത്ത ശ്രവത്തിൽ തുടങ്ങുന്ന നിലവിളികളിൽ നിന്നുമാണോ?...അതോ രാത്രികാലങ്ങളിൽ തന്റെ ഉദരഗുഹകളിൽ കയറിയിറങ്ങി ദാഹം തീരാതെ വീണ്ടും ഫോൺ ഡിസ്പ്ലേയിലയ്ക്ക് നോക്കി കണ്ണു മറിക്കുന്ന പങ്കാളിയുടെ പുതുമകൾ തേടിയുള്ള വേഴ്ചാപരീക്ഷണങ്ങളിൽ നിന്നാണോ?.'

ആദ്യം വന്ന ചോദ്യങ്ങൾ തന്നെ വലച്ചു കളഞ്ഞു. അവളുടെ ഉടുപ്പിനടിയിൽ കുടുങ്ങിക്കിടന്ന ഇരുളിന് ഒരായിരം കൈകൾ ഉണ്ടാവുന്നതായി അവർക്ക് തോന്നി.ആ കൈകൾ അവളുടെ ചെവിയിലൂടെ അരിച്ചു കയറി മൂർച്ചയുള്ള വേരുകളായി രൂപം കൊണ്ട് തലച്ചോറിലേക്ക് അരിച്ചിറങ്ങിക്കൊണ്ടിരുന്നു..

ഒരു ഞെട്ടൽ വെദനിക്കുന്ന അടിവയറിൽ നിന്നുമൊരു കത്തൽ പാറിച്ചു ദേഹം

മുഴുക്കെയൊന്നു കിടുക്കി.പ്രഷർകുക്കർ അന്നത്തെ യുദ്ധകാഹളം പുറപ്പടുവിച്ചുകൊണ്ട് വഴുത്ത വെള്ളം തെറിപ്പിച്ചു.കൂനിക്കൂടിയിരുന്നിടത്തു നിന്നുമവൾ മരച്ചു പോയ കാലിലെ ഇരമ്പൽ താങ്ങി വലിച്ചുകൊണ്ട് നടന്ന് കുക്കർ വാങ്ങി വെച്ചു. അവളോർക്കാൻ ശ്രമിക്കുന്ന കാര്യങ്ങളത്രയും അടുപ്പത്ത് പല പാത്രങ്ങളിൽ തിളച്ചു മറിഞ്ഞു കൊണ്ടിരുന്നു. ചിലതു സാമ്പാറായപ്പോൾ മറ്റു പലതും ചേർന്ന് തോരനായി.

2. ആറു മണി അൻപത് മിനിട്ട്

റോഹന് ഏഴരമണിക്കാണ് ബസ്സ് എന്നവൾക്കറിയാവുന്നതു കൊണ്ടു തന്നെ അവന്റെ ഭക്ഷണം പാത്രങ്ങളിലാക്കി . അന്ന് പരീക്ഷയുടെ ആദ്യ ദിനമാണങ്കിൽ പോലും പൊതുവേ മടിയനായ അവനെ കുത്തിപ്പൊക്കാൻ മായ മുറിയിൽ ചെന്നു. അവന്റെ പേന മുതൽ ബാഗ് വരെ അടുക്കിയിവെക്കണമെന്നുമോർത്തുകൊണ്ട് അവൾ നിന്നു. റോഹൻ വലുതായിരിക്കുന്നു എന്നു മായക്ക് പലപ്പോഴായി മനസ്സിലായിട്ടുള്ള വസ്തുതയാണ്.അതുകൊണ്ടുതന്നെ മായ അടുത്തിരുന്ന പുസ്തത്തിൽ തട്ടിക്കൊണ്ടവനെ വിളിച്ചു. എണീക്കൽ ഉറപ്പാക്കാൻ അവൻ ബാത്ത് റൂമിലേക്ക് പോകുന്നതുവരെ മായ അവിടെയൊക്കെത്തന്നെ ചുറ്റിപ്പറ്റി നിന്നു. ശേഷം അവന്റെ യൂണീഫോം തലേന്നു രാത്രി ഇസ്തിരിയിട്ടത് കിടക്കയിൽ വെച്ച് ബാഗ് തുറന്നു.റോഹൻ മടിയാനാണെന്നും അവൻ പഠിക്കുന്നില്ല എന്ന് അറിഞ്ഞപ്പോഴല്ലാം അവനെ ഒന്നുകൂടി ശ്രദ്ധിക്കണമെന്നും ട്യൂഷനു വിടണമെന്നുമൊക്കെ മായ ഒരു പാട് പറഞ്ഞതാണ്.

"അശ്രദ്ധ ഈ പ്രായത്തിൽ സഹജമാണെന്ന " മറുപടിയോടെ അദ്ദേഹം അവളുടെ എല്ലാ അഭിപ്രായങ്ങളും വളരെ ലാഘവത്തോടെ തട്ടിമറിച്ചിട്ടു.

"കൂടെക്കിടക്കുന്ന എന്റെ അഭിപ്രായങ്ങൾ പോലും പലപ്പോഴായി തൊഴിച്ചു തെറിപ്പിക്കുന്നയാളാ പിന്നെങ്ങനെയാ " എന്നവൾ ഇന്നും പിറുപിറുത്തു.

പക്ഷേ ഇപ്പോൾ സംഗതി രൂക്ഷമായിരിക്കുകയാണ്.പലതരത്തിലുള്ള പടങ്ങളും അവന്റെ ഫോണിൽ ഓണായിക്കിടക്കുന്നത് അവൾ പലപ്പോഴായി കണ്ടിരുന്നു..ഒരു തവണ അത് പറയാനവൾ തുനിഞ്ഞതുമാണ്. പക്ഷേ പറഞ്ഞതിനു ശേഷം റോഹനുണ്ടാവാൻ പോണ ദുരവസ്ഥയെക്കുച്ചോർത്തവൾ അന്ന് മിണ്ടിയില്ല. അതു തെറ്റായിപ്പോയി തെളിയിക്കുന്ന ഒന്നാണ് അപ്പോൾ ബാഗ് തുറന്ന മായയുടെ കൈയിൽ മൂർച്ചയേറിയ ഒരു എലിവില്ലുപോലെ കടിച്ചു തൂങ്ങിയത്.അതിൽ ഒരു കഷ്ണം പേപ്പറിൽപ്പൊതിഞ്ഞ നിലയിൽ തന്റെ ചെറിക്കറ പുരണ്ട ഒരു അടിവസ്ത്രം അവൻ ഒളിപ്പിച്ചിരിക്കുന്നു. അത് കറപിടിച്ച് ഒട്ടിയിരുന്നു.അവൾ വേഗത്തിൽ ബാഗടച്ച് പടികളിറങ്ങി അടുക്കളയിലെത്തി നിന്ന് കിതച്ചു.പിന്നെ കുറേ ഏങ്ങലടിച്ചു. റോഹൻ ആഹാരം കഴിക്കുമ്പോഴെല്ലാം മായയെ തുറിച്ചു നോക്കിയിരുന്നു.രണ്ടാളും മിണ്ടിയില്ല. റോഹൻ ബാഗും തൂക്കി നടന്നു പോകുന്നത് ഒരു ഭയപ്പാടോടെ അവൾ നോക്കി നിന്നു.

3.എട്ടു മണി ഇരുപത് മിനിട്ട്

കിടപ്പുമുറിയിലെ എയർ കണ്ടീഷൻ ഓഫായി. ബെഡ് കോഫി മേശപ്പുറത്തു വെച്ചടച്ച് ,അവൾ ചപ്പാത്തിക്ക് മാവ് കുഴക്കാൻ തുടങ്ങി. ഇളം ചൂടു വെള്ളത്തിൽ പൊടി കുഴച്ചാൽ ഒരു മിനുസമുള്ള ചപ്പാത്തി കിട്ടുമെന്നും, അതാണ് അദ്ദേഹത്തിനിഷ്ടമെന്നും അവൾക്കറിയാം. ചപ്പാത്തി വായിലേക്ക് വെച്ച് രുചിച്ച് നന്നായെങ്കിൽ അദ്ദേഹം അവളെ തോക്കിയെന്ന് കണ്ണിറുക്കും. എന്നിട്ട് മെല്ലെച്ചിരിച്ചു കൊണ്ടു പറയും " തകർത്തല്ലോടോ !!!

"....നാലരക്ക് എണീറ്റ് ഓട്ടപ്പിടുത്തം നടത്തുന്ന ക്ഷീണം മുഴുവൻ ആ ഒരു നോട്ടത്തിലും അഭിപ്രായത്തിലും അലിഞ്ഞില്ലാണ്ടാവും.

പാത്രത്തിലേക്ക് കമഴ്ത്തിയ ഗോതമ്പുപൊടിയിൽ കൈ പൂഴ്ത്തി നിന്ന അവൾക്കു പിന്നിൽ ഒരു ശ്വാസം..

" ചപ്പാത്തി കുഴക്കാൻ ഇത്ര നാളായിട്ടും അറിയില്ല അല്ലേ ?". അയാൾ പിന്നാമ്പുറത്തു നിന്ന് കൈകൾ തന്റെ കൈക്കിടയിലൂടെ യിട്ട് ഗോതമ്പുപൊടിയിലും അവളുടെ വിരളുകളിലും എന്തൊക്കയോപരതുകയാണ്.

റോഹന്റെ ബാഗിൽ കണ്ട കാഴ്ച പറയുവാൻ അവളുടെ നാവു പൊങ്ങുന്നില്ല .അയാളുടെ ചൂട് മറ്റു പലതിനുമൊപ്പം ദേഹം തുളക്കുന്നു. പതിവുപോലെ കുതറി മാറാതിരിക്കാൻ അയാൾ കൈകൾ പാതകത്തിൽ ബലമായി ഉറപ്പിച്ചിരിക്കുന്നു.

" പ....പ്... പാ.... പാത്രത്തിൽ വെള്ളമില്ല ..." അവൾ വിക്കി വിക്കി പ്പറഞ്ഞു.

" പാത്രത്തിൽ വെള്ളം വരുത്തിയാലോടോ?" എന്ന് പറഞ്ഞു കൊണ്ട് മുക്രയിട്ട് ചീറ്റിക്കൊണ്ട് അദ്ദേഹം ഒന്നു കൂടെ മുട്ടി നിന്നു.

"ഞാൻ അടുക്കളയൊന്ന് ഒതുക്കട്ടെ... പത്ത് മണി കഴിയുമ്പം ,പാൽക്കാരി വരും , അപ്പഴേക്കും ഒന്നു കുളിക്ക്, ഇവിടെയൊന്ന് ഒതുക്കിപ്പറുക്കി ഞാനും കുളിക്കട്ടെ."

വലിയ മുരളലോടെ അയാൾ കൈ കഴുകി ഫോണുമെടുത്ത് ബാത്ത് റൂമിലേയ്ക്ക് നടന്നു.

ചപ്പാത്തി ,അടുപ്പിൽ പല വലുപ്പത്തിൽ വലുതായി;കുമളച്ചു.പിന്നെ പാതകം കാലിയായി.

4. ഒൻപതു മണി അൻപത് മിനിട്ട്

കുളിക്കാനുള്ള മറു വേഷം തപ്പി മായ മുറിയിലെത്തി. അലമാരയുടെ മൂലക്ക് ഒരു പൊതിയിരിക്കുന്ന കണ്ടു കൊണ്ടവൾ അതു തുറന്നപ്പോൾത്തന്നെ പിന്നിൽ നിന്നും രണ്ടു കൈകൾ അവളുടെ മുടി ക്കത്തിൽ കയറിപ്പിടിച്ചു.അവൾ മേശയിലേയ്ക്ക് വിരിക്കപ്പെട്ടു. പിന്നിലെ ശ്വാസങ്ങൾക്ക് മദ്യത്തിന്റെ കുത്തിനോവിക്കുന്ന രൂക്ഷമായ മണം...

"മോട്ടിക്കുന്നോടി കള്ളിക്കൂത്തിച്ചീ..." !!! എന്ന അരമുള്ള അലറലോടെ അദ്ദേഹത്തിന്റെ ഭാര്യ അവളുടെ മുടിക്ക് കുത്തിപ്പിടിച്ച് പുറത്തേക്ക് വലിച്ചു. പല തവണ അവൾ കാറിയിട്ടും അയാൾ ബാത്ത്റൂമിൽ നിന്നുമിറങ്ങിയില്ല. മായയെ അയാളുടെ ഭാര്യ പൊതിരെ ത്തല്ലുകയും നിലത്തിട്ട് ചവിട്ടുകയും ചെയ്തു. അവളുടെ നൈറ്റി അദ്ദേഹത്തിന്റെ ശ്രീമതി വലിച്ചു കീറുകയും പിന്നെ മുഖത്തേക്ക് ഒട്ടുന്ന കഫം കാറിത്തുപ്പു കയും ചെയ്തു.

" ഇല്ല ചേച്ചീ ഞാൻ എടുത്തതല്ല !!!..." എന്നൊക്കെയുള്ള അവളുടെ മുറവിളികൾ മായയോടൊപ്പം ചുറ്റുവട്ടമുള്ളവരെയും വീടിന്റെ വരാന്തയിലേക്കെത്തിച്ചു.

"നീ ഇത്രേം നാളിവിടെ നിന്ന കാരണം പോലീസിനെ വിളിക്കുന്നില്ല!..." എന്ന് ഒരേയൊരു സമാധാനം പറഞ്ഞു കൊണ്ട് അയാൾ ഭാര്യയെ കെട്ടിപ്പിച്ചു കൊണ്ട് വാതിൽ ഉറക്കെയടച്ചു.

എല്ലാനോട്ടങ്ങളും ഒരുമിച്ച് കെട്ടിപ്പറുക്കി ഒരു കൂടിലാക്കിക്കൊണ്ട് മായ നടന്നു.... കുറേ

നടന്നു.....അവൾ മരണത്തെക്കുറിച്ചു ചിന്തിച്ചില്ല. ഒറ്റപ്പെടലിനെക്കുറിച്ച് ഓർത്ത് കരഞ്ഞില്ല. ദുരഭിമാനത്തെക്കുറിച്ചോർത്ത് ഭയപ്പെട്ടില്ല. അവൾ തെരുവിലെ തനിച്ചുള്ള രാത്രിജീവിതങ്ങളെക്കുറിച്ചോർത്ത് പതറിയില്ല. അവൾ നടക്കുകയാണ് പാലം താണ്ടി ക്കൊണ്ട് , ജീവനെടുക്കുന്ന ടെയിൻ പാളങ്ങൾ താണ്ടിക്കൊണ്ട് .. ബസ്സുകളുടെ ചക്രങ്ങൾ എണ്ണിക്കൊണ്ട്... അറിയാത്ത സമയം കണക്കു കൂട്ടിക്കൊണ്ട്.....

5.പത്തു മണി നാൽപ്പതു മിനിട്ട്

പെരുവഴിയിലെ പൈപ്പിൽ നിന്നും അടർന്നു വീഴുന്ന വെള്ളം കണ്ടു കൊണ്ട് മായ പൊടുന്നനെ നിന്നു. അവൾ ബാഗ് നിലത്തിട്ടു. അഴിഞ്ഞ മുടി പൊക്കിക്കെട്ടി. റോട്ട് വക്കത്തു കിടന്ന കുറച്ച് കല്ലുകൾ കൂട്ടിയിട്ടു. പിന്നെ അതിൽ കുത്തിയിരുന്നു. കൊച്ചമ്മ പാതി കീറിയ നൈറ്റി അവർ ഊരിയെറിഞ്ഞു, നിറം മങ്ങിയ കരിമ്പനടിച്ച അടിവസ്ത്രങ്ങൾ ഓരോന്നായ് ഊരി റോഡിലൂടെപ്പായുന്ന വണ്ടികളുടെ വേഗതിയിലേക്കെറിഞ്ഞു. അരയിൽ ക്കിടന്ന് വാർദ്ധക്യം ബാധിച്ച കറുത്ത ചരട് ഒറ്റ വലിക്ക് പൊട്ടിച്ചു. ഇത്രയുമായപ്പോൾ കാണികൾ കൂടി. കൈയ്യടിച്ചും ഫോട്ടോയെടുത്തും എഫ് ബി ലൈവ് വിട്ടും ആളുകൾ കമന്റ് പാസ്സാക്കി.അവരോടൊപ്പം അവളും ഉറക്കെച്ചിരിച്ചു.. പിന്നെ തലയിലൂടെ പൈപ്പ് വെള്ളം കുമ്പിളുകോരിയൊഴിച്ചു കൊണ്ട് അന്നു രാവിലെ മുടങ്ങിയ കുളി കുളിച്ചു. പിന്നെ നഗ്നയായി എണീറ്റ് പാഞ്ഞു വരുന്ന വണ്ടികൾക്കിടയിലേക്ക് നടന്നു കയറി കൈ പൊക്കി നിന്നുകൊണ്ടു പറഞ്ഞു.

" നിനക്കൊന്നും ഒരിക്കലും കാണാൻ പറ്റാത്തത്രേം ഒണ്ടടാ.. ഇന്നാടാ കണ്ടോ... മൊത്തം വിടാതെ കണ്ടോ!!!...." ഹോൺ മുഴക്കിക്കൊണ്ട് ഒരു കാറ് അവളുടെ അടിവയറിലെ മറുകു കാണാൻ ഓടിയടുത്തു. അവൾ കണ്ണുകൾ മുറുക്കിയടച്ചപ്പോഴും; നാലു മുപ്പത്തിയഞ്ചിന്റെ അഞ്ചു മിനിട്ട് സ്നൂസ് തലങ്ങും വിലങ്ങും മായയെ വാരിയെടുത്ത് അടിച്ചലക്കിക്കൊണ്ടിരുന്നു. അവൾ കിടക്കിയിൽ നിന്നും ഉരുണ്ടിറങ്ങി ബാത്ത് റൂമിലെ ടാപ്പ് തുറന്നു കൊണ്ട് ശ്വാസം മുറുക്കെത്തള്ളി തന്നിലേക്ക് തന്നെ വലിഞ്ഞ് ആലോചനയുടെ കടുകുപാത്രം വീണ്ടും തട്ടിമറിച്ചിട്ടു....

ഗോവിന്ദൻ